പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 183 06.12.2018 ലെ മറുപടിക്ക്

**കയർ വ്യവസായത്തിന്റെ ആധുനികവല്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ബി.സത്യൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം വഴി ഉല്പന്ന നിർമ്മാണം മത്സരക്ഷമതയുള്ളതാക്കുകയും ആഭ്യന്തര വിദേശ കമ്പോളങ്ങൾ കണ്ടെത്തി വ്യവസായം നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ദ്വിമുഖ തന്ത്രം പ്രായോഗികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) കയർമേഖലയിൽ യന്ത്രവത്ക്കരണം നടപ്പാക്കുമ്പോൾ തന്നെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് അവരുടെ തൊഴിലും കൂലിയും സംരക്ഷിക്കുക, അതോടൊപ്പം സമ്പൂർണ്ണ യന്ത്രവത്ക്കരണം നടത്തുക എന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ കയർ മേഖലയിൽ രണ്ടാം പുന:സംഘടന നടന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി കയർ വ്യവസായത്തെ പൂർണ്ണമായും യന്ത്രവത്ക്കരിച്ച് ആധുനികവത്ക്കരിക്കുക എന്നുള്ളതാണ് കയർ രണ്ടാം പുന:സംഘടന കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ നിലവിലുള്ള തൊഴിലാളികളിൽ ഒരു വിഭാഗത്തിന് യന്ത്രവത്ക്കരണ സംവിധാനങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിനുള്ള നൈപുണ്യം ആർജ്ജിക്കാൻ സാധ്യതയില്ല. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഇവരെ ഈ തൊഴിൽ മേഖലയിൽ നിന്നും മാറ്റി നിർത്തുന്നതിനു കഴിയുന്നതല്ല. അതുകൊണ്ടുതന്നെ ഈ വിഭാഗം തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും സർക്കാർ അവരുടെ വേതനം ഉറപ്പാക്കിക്കൊണ്ട് സംഭരിക്കും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം, തൊഴിലാളികളുടെ കൂലിയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നത് പൂർണ്ണമായും ഈ വിഭാഗത്തിന് വേണ്ടി മാത്രമായി മാറ്റിവച്ചുകൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. യന്ത്രവൽകൃത രംഗത്ത് മെച്ചപ്പെട്ട കൂലി |

| | |
|---|---|
| | ലഭിക്കുന്ന സാഹചര്യം ഉള്ളതിനാൽ ഈ നടപടി കയർമേഖലയ്ക്ക് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. യന്ത്രവൽക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനും സാധിക്കും. |
| ബി) സ്വന്തമായ കയർ ബ്രാൻഡ് രൂപീകരിച്ച് പരമ്പരാഗത ഉല്പന്നങ്ങൾക്കും നൂതന ഉല്പന്നങ്ങൾക്കും വിപണി നേടിയെടുക്കാനായി പദ്ധതിയുണ്ടോ; ഉല്പന്ന വൈവിധ്യവൽക്കരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) സ്വന്തമായ കയർ ബ്രാൻറ് രൂപീകരിച്ച് പരമ്പരാഗത ഉൽപ്പന്നങ്ങൾക്കും നൂതന ഉൽപ്പന്നങ്ങൾക്കും വിപണി നേടിയെടുക്കാനായി പദ്ധതിയുണ്ട്. വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി കയർ ഭൂവസ്ത്രം, കയർ കോംപോസിറ്റ് ബോർഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |
| സി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താനായി കയർ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ? | സി) കയർ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനായി കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകുകയും രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കേരള കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രധാനമായത് ഉൽപ്പന്നങ്ങളുടെ ആഭ്യന്തര - വിദേശ വിപണികൾ വികസിപ്പിക്കുക എന്നതാണ്. ഈ കമ്പനിയ്ക്ക് അതിന്റെ വ്യാപാരം നടത്തുന്നതിനുവേണ്ടി ഏതൊരു ഗവൺമെൻറ് / അധികാര സ്ഥാപനങ്ങൾ / വ്യക്തികൾ / മറ്റു കമ്പനികൾ എന്നിവയുമായി കരാറിൽ ഏർപ്പെടുന്നതിനും വിപുലമായ പരസ്യ പ്രചരണങ്ങൾ നടത്തുന്നതിനും കഴിയും. പങ്കാളിത്ത വ്യവസ്ഥയിൽ വ്യാപാരസ്ഥാപനങ്ങളുമായി ഇടപെടുന്നതിന് പുതിയ കമ്പനിയ്ക്ക് കഴിയും. ട്രേഡ് മാർക്കുകൾ, പേറ്റൻറുകൾ എന്നിവ വ്യാപാര ആവശ്യങ്ങൾക്കായി നേടിയെടുക്കാൻ കേരള കയർ മാർക്കറ്റിംഗ് കമ്പനിയ്ക്ക് സാധിക്കുകയാകയാൽ സംസ്ഥാനത്ത് കയർ മേഖലയിലുള്ള കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് വിപുലമായ വിദേശ വിപണി കണ്ടെത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ